**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 307** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന് ഭക്ഷ്യഭദ്രതാ നിയമ പ്രകാരം പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണനാ വിഭാഗങ്ങൾക്ക് വേണ്ടി വരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കി വരുന്ന 4 ലക്ഷം മെ.ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തേണ്ടത്. എ.എ.വൈ./ മുൻഗണനാ വിഭാഗങ്ങളുടെ എണ്ണത്തിനും ടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻ കാലങ്ങളിൽ അധിക വിഹിതമുൾപ്പടെ എ.പി.എൽ. വിഭാഗത്തിനു ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ അളവിനേക്കാൾ 27,958 മെ.ടൺ കുറവാണ്. മുൻഗണനേതര വിഭാഗത്തിന് റേഷൻ വിഹിതം തൃപ്തികരമാം വിധം നൽകുന്നതിന് ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ സമീപനം ഇതുവരെ ഉണ്ടായിട്ടില്ല. |
| (ബി) | നിലവിൽ കേരളത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഭക്ഷ്യ ഭദ്രതാനിയമപ്രകാരം 26835.124 മെ.ടൺ അരിയും 6459.074 മെ.ടൺ ഗോതമ്പുമുൾപ്പെടെ 33294.198 മെ.ടൺ ഭക്ഷ്യധാന്യം ടൈഡ് ഓവർ വിഹിതമായി അനുവദിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് 2022 ജൂൺ മുതൽ ഗോതമ്പ് കുറവ് ചെയ്ത് അരി വിഹിതം വർദ്ധിപ്പിച്ച്, 33294.198 മെ.ടൺ അരിയാണ് ലഭിച്ചുവരുന്നത്. കൂടാതെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം മുൻഗണനാ വിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ നിന്ന് ഗോതമ്പ് പൂർണ്ണമായി കുറവ് ചെയ്ത് പകരം അരി |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. അതായത് പ്രതിമാസം 61670.451 മെ.ടൺ അരിയും 15729.609 മെ.ടൺ ഗോതമ്പുമുൾപ്പെടെ ആകെ 77400.06 മെ.ടൺ ധാന്യമനുവദിച്ചിരുന്ന സ്ഥാനത്ത് 77400.06 മെ.ടൺ അരിയാണ് 2022 മെയ് മുതൽ 2022 സെപ്റ്റംബർ വരെയുള്ള മാസങ്ങളിലേക്ക് അനുവദിച്ചിട്ടുള്ളത്. ഗോതമ്പ് കുറവു വരുത്തിയെങ്കിലും പകരം അരി കൂടുതലായനുവദിച്ചിട്ടുള്ളതിനാൽ മൊത്തം അലോട്ട്മെന്റിൽ കുറവു വന്നിട്ടില്ല. |
| (സി) | പൊതുവിപണിയിലെ വിലക്കയറ്റം തടഞ്ഞ് നിർത്താൻ പൊതുവിതരണ രംഗത്ത് 2021-22 സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 2021-22 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് 3278.015 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ